LIBRARY ARCHIVES Kerala Legislative Assembly

പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം, സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്റ്റ് സ്കിൽസ് ട്രെയിനിംഗ് തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ബേസിക് ആന്റ് അഡ്വാൻസ്ഡ് മാനേജ്മെന്റ് സർവ്വീസ് കോഴ്സ്, ഗ്രഡ് ഗവേണൻസ്, വാല്യൂസ് ഇൻ അഡ്മിനിസ്ട്രേഷൻ തുടങ്ങിയ ട്രെയിനിംഗുകളും ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്. ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലന പരിപാടികൾ വിവിധ വകുപ്പുകളുടെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നടത്തിവരുന്നുണ്ട്. കൂടാതെ നിലവിൽ കേരളത്തിലെ ജില്ലകളെ 3 മേഖലകളാക്കി തിരിച്ച് ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സെന്ററുകളിൽവച്ച് ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി പരിശീലനം നൽകിവരുന്നുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനം നിർബന്ധിതമാക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഹർത്താലുകൾമൂലമുള്ളനഷ്ടം

3 (2817) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹർത്താലുകൾമൂലമുള്ള നഷ്ടപരിഹാരമായി എത്ര രൂപയാണ് ഈടാക്കിയിട്ടുള്ളത് ; ഇതിൽ എത്ര രൂപ കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിയിട്ടുണ്ട് എന്ന് അറിയിക്കാമോ ?

ഉത്തരം

നഷ്ടപരിഹാരം ഈടാക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നത് കോടതി മുഖേനയാണ്. ആഭ്യന്തര വകുപ്പിൽനിന്നും നഷ്ടപരിഹാരമായി രൂപകളൊന്നും ഈടാക്കിയിട്ടില്ല.

ഇ-ഫയലിംഗ് സമ്പ്രദായം

4 (2818) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഫയൽ സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കാതെ ചില വകുപ്പുകളിൽ ഫിസിക്കൽ ഫയൽ സ്വീകരിക്കില്ലെന്ന നിലപാടെടുക്കുന്നതു കൊണ്ടുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;